**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-ജീവനക്കാര്യം-കണ്ണൂർ മുൻസിപ്പൽ ഓഡിറ്റ് കാര്യാലയത്തിന്റെ പേര് കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് എന്ന് മാറ്റം വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.13/2022/ധന** **തീയതി, തിരുവനന്തപുരം, 04/02/2022**

പരാമർശം:- 1. സ.ഉ(കൈ)24/2015/ധന തീയതി 14/01/2015

2. 30/04/2015 തീയതിയിലെ സ.ഉ(പി)നം.150/2015 ത.സ്വ.ഭ.വ.

3. 11/02/2021 തീയതിയിലെ സ.ഉ(കൈ)നം.22/2021/ധന

4. 15/12/2021 തീയതിയിലെ ഡി.കെ.എസ്.എ.2995/എസ്റ്റാ1/2021 നമ്പർ കത്ത്

**ഉത്തരവ്**

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ന് പുനർനാമകരണം ചെയ്ത് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു എന്നും 01.11.2015 പ്രാബല്യത്തിൽ കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ച് കൊണ്ടു പരാമർശം 2 പ്രകാരം ഉത്തരവായിട്ടുണ്ടെന്നും എന്നാൽ, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷന്റെ സമകാലീന ഓഡിറ്റ് നിർവ്വഹിക്കുന്ന ഓഫീസിന്റെ പേര് ഇപ്പോഴും കണ്ണൂർ മുൻസിപ്പൽ ഓഡിറ്റ് എന്നാണ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നത് എന്നതിനാൽ കണ്ണൂർ മുൻസിപ്പൽ ഓഡിറ്റ് ഓഫീസിന്റെ പേര് കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് എന്ന് പുനർനാമകരണം ചെയ്യേണ്ടതുണ്ടെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. കണ്ണൂർ മുൻസിപ്പൽ ഓഡിറ്റ് കാര്യാലയം എന്ന പേര് കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം എന്ന് പുനർനാമകരണം ചെയ്ത് താഴെ പട്ടികയിൽ പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിനുള്ള അനുമതി നൽകണം എന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

| ക്രമ നം | | നിലവിലെ പേര് | പുതുതായി നൽകേണ്ട പേര് |
|---|---|---|---|
| 1 | ഓഫീസിന്റെ പേര് | കണ്ണൂർ മുൻസിപ്പൽ ഓഡിറ്റ് | കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് |
| 2 | സ്പാർക്ക് | മുൻസിപ്പൽ ഓഡിറ്റ് വിംഗ്, കണ്ണൂർ | കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് |
| 3 | എയിംസ് | കണ്ണൂർ കോർപ്പറേഷൻ | കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് |
| 4 | വെബ്സൈറ്റ് | മുൻസിപ്പൽ ഓഡിറ്റ് വിംഗ്, കണ്ണൂർ | കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് |
| 5 | ഇ മെയിൽ | mlknr.ksad@kerala.gov.in | corpknr.ksad@kerala.gov.in |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ മുൻസിപ്പൽ ഓഡിറ്റ് കാര്യാലയം എന്ന പേര് കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം എന്ന് പുനർനാമകരണം

ചെയ്യും മേൽ പട്ടികയിൽ പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഇ-1953749)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ